"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- 2024 ജൂലൈ മാസം 29, 30, 31 തീയതികളിലെ കനത്ത മഴയിൽ വീട്ടുകളിൽ വെള്ളം കയറിയിട്ടുള്ള കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം അനുവദിക്കുന്നതിനായി തൃശ്ശൂർ ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.972/2024/DMD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:- തൃശ്ശൂർ ജില്ലാകളക്ടറുടെ 12/12/2024 ലെ DCTSR/4104/2024- കെ നമ്പർ കത്ത്

**ഉത്തരവ്**

2024 ജൂലൈ മാസം 29, 30, 31 തീയതികളിലെ കനത്ത മഴയിൽ ആകെ 12057 വീടുകളിൽ വെള്ളം കയറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ബന്ധപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തിര സഹായം അനുവദിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ചുവടെ കാണുന്ന പ്രകാരം തുക അനുവദിക്കണമെന്ന് തൃശ്ശൂർ ജില്ലാകളക്ടർ ആവശ്യപ്പെട്ടിരുന്നു.

| നാശനഷ്ടം | സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കാവുന്ന ധനസഹായം | കുടുംബങ്ങളുടെ എണ്ണം | തുക |
|---|---|---|---|
| 1. Loss of utensils | 2500/- | 12057 | 3,01,42,500/- |
| 2. Loss of Household goods( Cloths) | 2500/- | 12057 | 3,01,42,500/- |
| | | Total | 6,02,85,000/- |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ജൂലൈ മാസം 29, 30, 31 തീയതികളിലെ കനത്ത മഴയിൽ വെള്ളം കയറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 12057 കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്ന 6,02,85,000/- രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ "2245-02-101-94-01 Flood other Items" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ധനസഹായത്തിന് അർഹതപെട്ടവരുടെ എണ്ണം കൃത്യമായി കണക്കാക്കി ധനസഹായം വിതരണം ചെയ്യേണ്ടുന്നതിനുള്ള നടപടി തൃശ്ശൂർ ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും,

തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 30-12-2024 14:24:17**

സെക്ഷൻ ഓഫീസർ